# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2361** | 12.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## നികുതി കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.റ്റി സമ്പ്രദായം നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നികുതി സമ്പ്രദായത്തിൽ പലകാരണങ്ങളാൽ നികുതി കുടിശ്ശിക വരുത്തിയ വ്യാപാര സ്ഥാപനങ്ങൾക്ക് എർപ്പെടുത്തിയ ആംനസ്റ്റിയിലൂടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി സമ്പ്രദായം നിലവിൽ വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നികുതി സമ്പ്രദായത്തിൽ പലകാരണങ്ങളാൽ നികുതി കുടിശ്ശിക വരുത്തിയ വ്യാപാര സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ ആംനസ്റ്റിയിലൂടെ 2016-17 സാമ്പത്തിക വർഷം 5.86 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 72.96 കോടി രൂപയും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആംനസ്റ്റിയുടെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ആംനസ്റ്റിയുടെ വ്യവസ്ഥകൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ആംനസ്റ്റി പ്രകാരം ഇളവുകൾ ലഭിക്കുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള കാലാവധി ഏതുവരെയാണെന്ന് അറിയിക്കുമോ; | (സി) | ആംനസ്റ്റി പ്രകാരം ഇളവുകൾ ലഭിക്കുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള കാലാവധി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. |
| (ഡി) | കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018 ഫിനാൻസ് ആക്ട് പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

പൊതുവില്പന നികുതി നിയമത്തിലെ 23 B വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ആംനസ്റ്റി പദ്ധതി പ്രകാരം 31 മാർച്ച് 2005 നു മുമ്പുള്ള സാമ്പത്തിക വർഷങ്ങളിലെ നികുതി കുടിശ്ശിക നിവാരണത്തിനായി നിശ്ചിത മാതൃകയിൽ നികുതി നിർണ്ണയ അധികാരിയുടെ മുൻപാകെ അപേക്ഷിക്കാവുന്നതാണ്.
- കേരള റവന്യൂ റിക്കവറി നിയമപ്രകാരം നടപടികൾ ആരംഭിച്ച കേസുകളിലും ആംനസ്റ്റി പ്രകാരം നികുതി ഒടുക്കാവുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം പൂർണ്ണമായി കുടിശ്ശിക തീർപ്പാക്കുന്ന മുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതാണ്.
- ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നികുതി നിർണ്ണയ അധികാരികളിൽ നിന്നും ഉത്തരവു ലഭിച്ചതിനു ശേഷം കുടിശ്ശിക മൊത്തമായോ നിശ്ചിത തവണകളായോ തീർപ്പാക്കാവുന്നതാണ്.
- ടി ആംനസ്റ്റി വ്യവസ്ഥ തിരഞ്ഞെടുത്തതിനു ശേഷം കുടിശ്ശിക ഗഡുക്കൾ അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആംനസ്റ്റിയുടെ എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുന്നതാണ്.
- കേരള മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്നതിനു ശേഷവും കച്ചവടം തുടരുന്ന വ്യാപാരികൾ ടി നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തതിനു ശേഷം മാത്രം ആംനസ്റ്റി പ്രകാരം അപേക്ഷിക്കേണ്ടതാണ്.

കാർഷികാദായ നികുതി നിയമത്തിലെ 37C വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ടി പദ്ധതി പ്രകാരം 31 മാർച്ച് 2011 നു മുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ നികുതി കുടിശ്ശിക നിവാരണത്തിനായി നികുതി നിർണ്ണയ അധികാരിയുടെ മുൻപാകെ അപേക്ഷിക്കാവുന്നതാണ്.
- ടി പദ്ധതി പ്രകാരം നികുതി തുകയും പിഴയുടെ 30% വും മാത്രം ഒടുക്കിയാൽ പലിശ, പിഴപലിശ എന്നിവ ഒഴിവാകുന്നതാണ്.
- കേരള റവന്യൂ റിക്കവറി നിയമപ്രകാരം നടപടികൾ പ്രകാരം ആരംഭിച്ച കേസുകളിലും ആംനസ്റ്റി പ്രകാരം നികുതി ഒടുക്കാവുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം പൂർണ്ണമായി കുടിശ്ശിക തീർപ്പാക്കുന്ന മുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം നികുതി നിർണ്ണയ അധികാരികൾ സ്വീകരിക്കുന്ന തുകയ്ക്ക് റവന്യൂ റിക്കവറി നിയമപ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ല.
- അംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.
- ഒരു വർഷത്തിലെ എല്ലാ കുടിശ്ശികകളും ആംനസ്റ്റി പ്രകാരം തീർപ്പാക്കുവാനായി അപേക്ഷിക്കേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കുടിശ്ശിക അപേക്ഷ നൽകുന്ന തീയതി പ്രകാരം കണക്കാക്കേണ്ടതാണ്.
- ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നികുതി നിർണ്ണയ

അധികാരികളിൽ നിന്നും ഉത്തരവു ലഭിച്ചതിനു ശേഷം കുടിശ്ശിക മൊത്തമായോ നിശ്ചിത തവണകളായോ തീർപ്പാക്കാവുന്നതാണ്.

- ഇ പദ്ധതി പ്രകാരം അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന കുടിശ്ശികയ്ക്ക് അപ്പീൽ അധികാരികളുടെ മുൻപാകെയുള്ള കേസുകളിൽ സ്റ്റേ ലഭിയ്ക്കുന്നതിനായി അപ്പീൽ അധികാരിയുടെ ഉത്തരവിൻ പ്രകാരമോ സ്വയമായോ അടച്ച തുക ആംനസ്റ്റി പ്രകാരം അടച്ചതായി കണക്കാക്കുന്നതാണ്.

കേരള ആഡംബര നികുതി നിയമം 10B വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ടി പദ്ധതി പ്രകാരം 31 മാർച്ച് 2011 ന മുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ നികുതി കുടിശ്ശിക നിവാരണത്തിനായി നികുതി നിർണ്ണയ അധികാരിയുടെ മുൻപാകെ അപേക്ഷിക്കാവുന്നതാണ്.
- ടി പദ്ധതി പ്രകാരം നികുതി തുകയും പിഴയുടെ 30% വും മാത്രം ഒടുക്കിയാൽ പലിശ, പിഴപലിശ എന്നിവ ഒഴിവാകുന്നതാണ്.
- കേരള റവന്യൂ റിക്കവറി നിയമപ്രകാരം നടപടികൾ ആരംഭിച്ച കേസുകളിലും ആംനസ്റ്റി പ്രകാരം നികുതി ഒടുക്കാവുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം പൂർണ്ണമായി കുടിശ്ശിക തീർപ്പാക്കുന്ന മുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം നികുതി നിർണ്ണയ അധികാരികൾ സ്വീകരിക്കുന്ന തുകയ്ക്ക് റവന്യൂ റിക്കവറി നിയമപ്രകാരമുള്ള കളക്ഷൻ ചാർജ് ഈടാക്കേണ്ടതില്ല.
- ആംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.
- ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും ഒരുമിച്ച് ആംനസ്റ്റി പ്രകാരം തീർപ്പാക്കുവാനായി അപേക്ഷിക്കേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കുടിശ്ശിക, അപേക്ഷ നൽകുന്ന തീയതി പ്രകാരം കണക്കാക്കേണ്ടതാണ്.
- ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നികുതി നിർണ്ണയ അധികാരികളിൽ നിന്നും ഉത്തരവു ലഭിച്ചതിനു ശേഷം കുടിശ്ശിക മൊത്തമായോ നിശ്ചിത തവണകളായോ തീർപ്പാക്കാവുന്നതാണ്.
- ഇ പദ്ധതി പ്രകാരം അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന കുടിശ്ശികയ്ക്ക് അപ്പീൽ അധികാരികളുടെ മുൻപാകെയുള്ള കേസുകളിൽ സ്റ്റേ ലഭിയ്ക്കുന്നതിനായി അപ്പീൽ അധികാരിയുടെ ഉത്തരവിൻ പ്രകാരമോ സ്വയമായോ അടച്ച തുക ആംനസ്റ്റി പ്രകാരം അടച്ചതായി കണക്കാക്കുന്നതാണ്.
- ഈ പദ്ധതി പ്രകാരം അടച്ച തുക ഒരു സാഹചര്യത്തിലും റീഫണ്ട് ചെയ്യുന്നതല്ല.

ബേക്കറി ഡീലർമാർക്കുള്ള മൂല്യവർദ്ധിത നിയമത്തിലെ സെക്ഷൻ 25D പ്രകാരമുള്ള വ്യവസ്ഥകൾ

- 1999 ലെ ട്രേഡ് മാർക്ക് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയിമോടു കൂടി വിൽക്കുന്ന ബേക്കറി ഉത്പന്നങ്ങൾ, മധുരപലഹാരങ്ങൾ, മറ്റ് ഭക്ഷണ ഉൽപന്നങ്ങൾ

ഏന്നിവയ്ക്ക് 2013-14 സാമ്പത്തിക വർഷം വരെ നിർദിഷ്ട നികുതി നിരക്കിൽ നികുതി ഒടുക്കിയിട്ടില്ലാത്ത വ്യാപാരികൾക്ക് ഈ പദ്ധതി പ്രകാരം രണ്ടു വർഷക്കാലയളവിനുള്ളിൽ തുല്യമായ ത്രൈമാസ ഗഡുക്കളായി നികുതി അടയ്ക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം നികുതി അടയ്ക്കുന്നവർക്ക് പലിശയും പിഴയും അടയ്ക്കേണ്ടതില്ല.

- ഈ പദ്ധതി പ്രകാരം നികുതി നിവാരണത്തിനായി അർഹരായവർ ചുവടെ ചേർത്ത വിവരങ്ങൾ ഉൾപ്പെടുത്തി നികുതി നിർണ്ണയ അധികാരികളുടെ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്

    - മൂല്യവർദ്ധിത നികുതി നിയമപ്രകാരം അസ്സസ്സ്മെന്റ് /അപ്പീൽ എന്നിവ പൂർത്തിയായ കേസുകളിൽ ബാക്കിനിൽകുന്ന തുക, പലിശ, പിഴ, പിഴപലിശ

    - അസ്സസ്സ്മെന്റ് കഴിഞ്ഞിട്ടില്ലാത്ത കേസുകളിൽ റിട്ടേണിലെ വിശദവിവരങ്ങൾ, ടാക്സബിൾ ടേൺ ഓവർ, ഉൽപന്നങ്ങളുടെ വിവരങ്ങൾ അടയ്ക്കേണ്ട നികുതി വ്യത്യാസം.

- അംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതും അപേക്ഷയോടൊപ്പം ടി കേസുകൾ പിൻവലിച്ചതിന്റെ തെളിവ് ഹാജരാക്കേണ്ടതുമാണ്.

- ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നികുതി നിർണ്ണയ അധികാരികളിൽ നിന്നും ഉത്തരവു ലഭിച്ചതിനു ശേഷം കുടിശ്ശിക മൊത്തമായോ നിശ്ചിത തവണകളായോ അടച്ച് തീർക്കാവുന്നതാണ്.

- ഈ പദ്ധതി പ്രകാരം തീർപ്പാക്കിയ നികുതി കുടിശ്ശികകൾക്കുമേൽ പിന്നീട് യാതൊരു വിധമായ അപ്പീലുകളും പരിഗണിക്കുന്നതല്ല.

- ഈ പദ്ധതി പ്രകാരം അടച്ച തുക ഒരു സാഹചര്യത്തിലും റീഫണ്ട് ചെയ്യുന്നതല്ല.

അനുമാന നികുതി ദായകർക്ക് മൂല്യവർദ്ധിത നികുതി നിയമം 25E വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ടി പദ്ധതി പ്രകാരം 31 മാർച്ച് 2016 നു മുൻപുള്ള സാമ്പത്തിക വർഷങ്ങളിൽ നികുതി നിർണ്ണയ അധികാരികൾ കണ്ടെത്തുന്നതോ സ്വയമായി വെളിപ്പെടുത്തുന്നതോ ആയ അക്കൗണ്ട് ചെയ്യാത്ത വാങ്ങലുകളിൻമേലുള്ള നികുതി കുടിശ്ശിക നിവാരണത്തിനായി നികുതി നിർണ്ണയ അധികാരിയുടെ മുൻപാകെ അപേക്ഷിക്കാവുന്നതാണ്.
- ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷയിൽ അക്കൗണ്ട് ചെയ്യാത്ത വാങ്ങലുകൾ കണ്ടെത്തിയ എല്ലാ വർഷത്തെയും വിശദ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
- അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം നികുതി നിർണ്ണയ അധികാരി, അടയ്ക്കേണ്ട തുകയുടെ വിശദവിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

- അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനകം ആകെ തുകയുടെ 30% വും ബാക്കിതുക ഉത്തരവിൻ പ്രകാരമുള്ള തവണകളായും അടയ്ക്കേണ്ടതാണ്.
- 2016-17 ആംനസ്റ്റി പദ്ധതി പ്രകാരം അപേക്ഷിക്കുകയും കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തവർക്കും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നതാണ്. ടി പദ്ധതി പ്രകാരം ഒടുക്കിയ തുക നിലവിലെ ആംനസ്റ്റിയിൽ അഡ്ജസ്റ്റ് ചെയ്യുന്നതാണ്.
- ഈ പദ്ധതി പ്രകാരം അടച്ച തുക ഒരു സാഹചര്യത്തിലും റീഫണ്ട് ചെയ്യുന്നതല്ല.

വർക്സ് കോൺട്രാക്ട് ഡീലർമാർക്കായുള്ള കേരള മൂല്യവർദ്ധിത നികുതി നിയമം 25F വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- കിച്ചൺ കാബിനറ്റ്, അലുമിനിയം ഫാബ്രിക്കേഷൻ, എയർ കണ്ടീഷനിങ് പ്ലാന്റുകളുടെ സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട 2014-15 വരെയുള്ള കരാർ പണികൾക്ക് കേരള മൂല്യവർദ്ധിത നിയമം വകുപ്പ് 8(A) പ്രകാരം നികുതി ഒടുക്കിയവർക്ക് ചുവടെ ചേർത്ത നിബന്ധനകൾ പാലിക്കുന്ന പക്ഷം ആകെ കോൺട്രാക്ട് തുകയുടെ 2% അധികമായി അടച്ചാൽ തുടർനടപടികൾ ഒഴിവാക്കുന്നതാണ്.

- ഇത്തരത്തിലുള്ള മെറ്റീരിയലിന്റെ കൈമാറ്റം പണിതീർത്ത വസ്തുക്കളുടെ രൂപത്തിലായിരിക്കണം.

- അങ്ങനെയുള്ള കരാർ പണികൾ നടത്തുന്നതിനുള്ള ചരക്കുകൾ വാങ്ങിയത് കേരളത്തിനുള്ളിൽ നിന്നുമാത്രമായിരിക്കണം.

കേരള മൂല്യവർദ്ധിത നികുതി നിയമം 31A വകുപ്പനുസരിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ടി പദ്ധതി പ്രകാരം 31 മാർച്ച് 2011 നു മുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ നികുതി കുടിശ്ശിക നിവാരണത്തിനായി നികുതി നിർണ്ണയ അധികാരിയുടെ മുൻപാകെ അപേക്ഷിക്കാവുന്നതാണ്.
- ടി പദ്ധതി പ്രകാരം നികുതി തുകയും പിഴയുടെ 30% വും മാത്രം ഒടുക്കിയാൽ പലിശ, പിഴപലിശ എന്നിവ ഒഴിവാകുന്നതാണ്.
- കേരള റവന്യൂ റിക്കവറി നിയമപ്രകാരം നടപടികൾ പ്രകാരം ആരംഭിച്ച കേസുകളിലും ആംനസ്റ്റി പ്രകാരം നികുതി ഒടുക്കാവുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം പൂർണ്ണമായി കുടിശ്ശിക തീർപ്പാക്കുന്ന മുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതാണ്. ആംനസ്റ്റി പദ്ധതി പ്രകാരം നികുതി നിർണ്ണയ അധികാരികൾ സ്വീകരിക്കുന്ന തുകയ്ക്ക് റവന്യൂ റിക്കവറി നിയമപ്രകാരമുള്ള കളക്ഷൻ ചാർജ് ഈടാക്കേണ്ടതില്ല.
- അംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.
- ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും ആംനസ്റ്റി പ്രകാരം ഒരുമിച്ച് തീർപ്പാക്കുവാനായി അപേക്ഷിക്കേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കുടിശ്ശിക, അപേക്ഷ നൽകുന്ന തീയതി പ്രകാരം കണക്കാക്കേണ്ടതാണ്.

- ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നികുതി നിർണ്ണയ അധികാരികളിൽ നിന്നും ഉത്തരവു ലഭിച്ചതിനു ശേഷം കുടിശ്ശിക മൊത്തമായോ നിശ്ചിത തവണകളായോ തീർപ്പാക്കാവുന്നതാണ്.
- ഈ പദ്ധതി പ്രകാരം അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന കുടിശ്ശികയ്ക്ക് അപ്പീൽ അധികാരികളുടെ മുൻപാകെയുള്ള കേസുകളിൽ സ്റ്റേ ലഭിയ്ക്കുന്നതിനായി അപ്പീൽ അധികാരിയുടെ ഉത്തരവിൻ പ്രകാരമോ സ്വയമായോ അടച്ച തുക, ആംനസ്റ്റി പ്രകാരം അടച്ചതായി കണക്കാക്കുന്നതാണ്.
- ഈ പദ്ധതി പ്രകാരം അടച്ച തുക ഒരു സാഹചര്യത്തിലും റീഫണ്ട് ചെയ്യുന്നതല്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

കേരള പൊതു വിൽപന നികുതി, 1963

കേരള പൊതു വിൽപന നികുതി നിയമം, 1963, വകുപ്പ് 23B പ്രകാരം 2004-05 വരെയുള്ള കുടിശ്ശിക ആംനസ്റ്റി പദ്ധതിയിലൂടെ അടച്ചുതീർക്കുവാനായി ഓപ്ഷൻ നൽകേണ്ട തീയതി 30, ജൂൺ 2018 വരെയും കുടിശ്ശിക അടച്ചുതീർക്കുവാനുള്ള കാലാവധി 31, ഡിസംബർ 2018 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. വകുപ്പ് 23B യിലെ മറ്റു നിബന്ധനകൾ വ്യത്യാസമില്ലാതെ തുടരുന്നതാണ്.

കേരള കാർഷികാദായ നികുതി, 1991

കേരള കാർഷികാദായ നികുതി നിയമം, 1991, വകുപ്പ് 37C പ്രകാരം 2010-11 വരെയുള്ള കുടിശ്ശിക ആംനസ്റ്റി പദ്ധതിയിലൂടെ അടച്ചുതീർക്കുവാനായി ഓപ്ഷൻ നൽകേണ്ട തീയതി 30, ജൂൺ 2018 വരെയും കുടിശ്ശിക അടച്ചുതീർക്കുവാനുള്ള കാലാവധി 31, ഡിസംബർ 2018 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. വകുപ്പ് 37C യിലെ മറ്റു നിബന്ധനകൾ വ്യത്യാസമില്ലാതെ തുടരുന്നതാണ്.

കേരള മൂല്യവർദ്ധിത നിയമം, 2003

1. അനുമാന നികുതി ദായകർക്കുള്ള ആംനസ്റ്റി വ്യവസ്ഥകൾ.
കേരള മൂല്യവർദ്ധിത നിയമം, 2003, വകുപ്പ് 25E പ്രകാരം 2016-17 വരെയുള്ള കുടിശ്ശിക ആംനസ്റ്റി പദ്ധതിയിലൂടെ അടച്ചുതീർക്കുവാനായി ഓപ്ഷൻ നൽകേണ്ട തീയതി 30, ജൂൺ 2018 വരെയും കുടിശ്ശിക അടച്ചുതീർക്കുവാനുള്ള കാലാവധി 30, സെപ്റ്റംബർ 2018 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത വ്യാപാരികൾക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസിന്റെ ഇരട്ടി തുക പെനാൽടി ആയി ഒടുക്കിയാൽ ഈ പദ്ധതിയിലൂടെ നികുതി കുടിശ്ശിക തീർക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്.

2. മൂല്യവർദ്ധിത നികുതി ദായകർക്കുള്ള ആംനസ്റ്റി വ്യവസ്ഥകൾ.
കേരള മൂല്യവർദ്ധിത നികുതി നിയമം, 2003, വകുപ്പ് 31A പ്രകാരം 2010-11 വരെയുള്ള കുടിശ്ശിക ആംനസ്റ്റി പദ്ധതിയിലൂടെ അടച്ചുതീർക്കുവാനായി ഓപ്ഷൻ നൽകേണ്ട തീയതി 30, ജൂൺ 2018 വരെയും കുടിശ്ശിക അടച്ചുതീർക്കുവാനുള്ള കാലാവധി 30, സെപ്റ്റംബർ 2018 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. വകുപ്പ് 37C യിലെ മറ്റു നിബന്ധനകൾ വ്യത്യാസമില്ലാതെ തുടരുന്നതാണ്.

3. ബേക്കറി വ്യാപാരികൾക്കുള്ള ആംനസ്റ്റി വ്യവസ്ഥകൾ.
കേരള മൂല്യവർദ്ധിത നികുതി നിയമം, 2003, വകുപ്പ് 25D പ്രകാരം കുടിശ്ശിക നിവാരണത്തിനായി ഓപ്ഷൻ സമർപ്പിക്കുകയും 31, മാർച്ച് 2018 ന് മുൻപായി പൂർണ്ണമായി അടച്ചു തീർക്കാതിരിക്കുകയും ചെയ്ത വ്യാപാരികൾക്ക് ശേഷിച്ച തുക 2020 മാർച്ച് 31 ന് മുൻപായി പരമാവധി 24 ഗഡുക്കളായി അടച്ചുതീർക്കാവുന്നതാണ്.

കേരള ആഡംബര നികുതി നിയമപ്രകാരമുള്ള കുടിശ്ശിക തീർപ്പാക്കൽ.

കേരള ആഡംബര നികുതി നിയമം, 1976 പ്രകാരം 2010-11 വരെയുള്ള കുടിശ്ശിക ആംനസ്റ്റി പദ്ധതിയിലൂടെ അടച്ചുതീർക്കുവാനായി ഓപ്ഷൻ നൽകി പണമടയ്ക്കേണ്ട തീയതി 30, ജൂൺ 2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

അടയ്ക്ക വ്യാപാരികൾക്ക് ആംനസ്റ്റി പദ്ധതി.

അടയ്ക്ക വ്യാപാരികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതിയിൽ അപേക്ഷിക്കുവാൻ അർഹരായ വ്യാപാരികൾ 30, ഏപ്രിൽ 2018 ന് മുൻപ് ലഭിച്ച അസ്സസ്സ്മെന്റ് ഓർഡറുകളിൻമേലുള്ള ആംനസ്റ്റി അപേക്ഷകൾ 31, മെയ് 2018 ന് മുൻപായും 30, ഏപ്രിൽ 2018 ന് ശേഷം ലഭിച്ച അസ്സസ്സ്മെന്റ് ഓർഡറുകളിന്മേലുള്ള ആംനസ്റ്റി അപേക്ഷകൾ അസ്സസ്സ്മെന്റ് ഓർഡർ ലഭിച്ച് ഒരു മാസത്തിനകവും എന്നാൽ 31, മാർച്ച് 2019 ന് മുൻപായും സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ